A

# സമഗ്ര ശിക്ഷ, കേരളം

705

## പാദവാർഷിക മൂല്യനിർണയം 2018–19

ക്ലാസ് : 7 | സാമൂഹ്യശാസ്ത്രം | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 10 പ്രവർത്തനങ്ങളിൽ അറിയാവുന്ന 8 പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതുക.
3. തെരഞ്ഞെടുക്കുന്ന 8 പ്രവർത്തനങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

### പ്രവർത്തനം – 1

**യൂറോപ്പിലെ മനുഷ്യജീവിതത്തിന്റെ നാനാമേഖലകളിലുമുണ്ടായ പുരോഗതിയാണ് നവോത്ഥാനം എന്ന പേരിലറിയപ്പെടുന്നത്.**

എ. കോപ്പർനിക്കസിന്റെ 'സൗരയൂഥസിദ്ധാന്ത'വുമായി യോജിക്കുന്ന പ്രസ്താവന എടുത്തെഴുതുക.

1. സൂര്യനാണ് സൗരയൂഥത്തിന്റെ കേന്ദ്രം.
2. സൂര്യൻ ഓരോ ഗ്രഹങ്ങളേയും പ്രദക്ഷിണം വയ്ക്കുന്നു.
3. ഗ്രഹങ്ങൾക്ക് സ്വയം പ്രകാശിക്കുവാനുള്ള കഴിവുണ്ട്.
4. ഭൂമി ചന്ദ്രനെ ചുറ്റുന്നു.

ബി. നവോത്ഥാനത്തിന്റെ പ്രധാന സവിശേഷതകളായ മാനവികത, പ്രാദേശിക ഭാഷകളുടെ വികാസം എന്നിവ ഓരോന്നും ഉദാഹരണസഹിതം വിശദീകരിക്കുക.

സി. സൗരയൂഥസിദ്ധാന്തത്തിന് പുറമേ നവോത്ഥാനം ശാസ്ത്രരംഗത്തുണ്ടാക്കിയ രണ്ട് സംഭാവനകൾ എഴുതുക.

### പ്രവർത്തനം – 2

**വ്യത്യസ്തതരം തന്ത്രങ്ങളായിരുന്നു നാട്ടുരാജ്യങ്ങളെ കൈക്കലാക്കാൻ ബ്രിട്ടീഷുകാർ സ്വീകരിച്ചത്**

എ. ഡൽഹൗസി പ്രഭു നടപ്പിലാക്കിയ 'ദത്താവകാശനിരോധനനിയമ'ത്തിലൂടെ നാട്ടുരാജ്യങ്ങളെ പിടിച്ചടക്കിയതെങ്ങനെ? രണ്ടു രീതികളാണ് ഇതിന് സ്വീകരിച്ചത്. അവ ഏതെല്ലാമെന്ന് വ്യക്തമാക്കുക.

ബി. മൈസൂർ കീഴടക്കാൻ ബ്രിട്ടീഷുകാരെ പ്രേരിപ്പിച്ച കാര്യങ്ങൾ എന്തെല്ലാമായിരുന്നു? ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

സി. പ്ലാസിയുദ്ധ (1757)ത്തിലൂടെ ബ്രിട്ടീഷുകാർ ഏത് പ്രദേശത്താണ് ആധിപത്യം സ്ഥാപിച്ചത്?

1. ബംഗാളിൽ
2. ഡൽഹിയിൽ
3. ബോംബെ (മുംബൈ)യിൽ
4. മദ്രാസിൽ (ചെന്നൈയിൽ)

## പ്രവർത്തനം - 3

പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നിലനിന്നിരുന്ന ചില അനാചാരങ്ങളാണ് താഴെ സൂചിപ്പിച്ചിരിക്കുന്നത്.

ശൈശവവിവാഹം

അടിമത്തം

നരബലി

സതി

പെൺശിശുഹത്യ

എ. ഇവയിൽ 'സതി' എന്ന അനാചാരം നിർത്തലാക്കിക്കൊണ്ട് നിയമം കൊണ്ടുവന്ന ബ്രിട്ടീഷ് ഭരണാധികാരി ആര്?

1. വില്യം ബെന്റിക് പ്രഭു
2. കഴ്സൺ പ്രഭു
3. റിപ്പൺ പ്രഭു
4. ഡൽഹൗസി പ്രഭു

ബി. 'സതി' ഒരു അനാചാരമായി സമൂഹം കരുതാൻ കാരണമെന്താണ്? വിശദമാക്കുക. (സ്വത്ത്, പദവി, അവകാശം, ജീവിതം, സ്വാതന്ത്ര്യം.... തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.)

## പ്രവർത്തനം - 4

ബംഗാൾ കേന്ദ്രമാക്കിയാണ് ആദ്യകാലത്ത് ഇംഗ്ലീഷുകാർ ഇന്ത്യയിൽ ഭരണം നടത്തിയിരുന്നത്.

എ. ബംഗാളിനെ രണ്ടായി വിഭജിക്കാൻ ഇംഗ്ലീഷുകാർ തീരുമാനിച്ചു. വിഭജനം കൊണ്ട് അവർ ലക്ഷ്യമിട്ടിരുന്നത് എന്തായിരുന്നു?

1. ഭരണസൗകര്യം
2. എതിർപ്പിന്റെ ശക്തി കുറയ്ക്കുക.
3. ജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. ഓരോ മതവിഭാഗത്തിനും പ്രത്യേകം സൗകര്യം ഏർപ്പെടുത്തുക.

ബി. ബംഗാൾ വിഭജനത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക. (കാരണം, പ്രതിഷേധ രീതികൾ, ഫലം)

## പ്രവർത്തനം - 5

തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയതോട്കൂടി സമുദ്രമാർഗങ്ങൾ തേടിയുള്ള യാത്ര, നവോത്ഥാനത്തെ തുടർന്ന് ശാസ്ത്രരംഗത്തുണ്ടായ പുരോഗതി തുടങ്ങിയവ വ്യവസായ വിപ്ലവത്തിന് വഴിതെളിച്ചു.

എ. യന്ത്രങ്ങളുടെ കടന്നുവരവ് ഉല്പാദനവിതരണരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാമാണ്? (മൂന്ന് എണ്ണം എഴുതുക)

ബി. താഴെത്തന്നിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| കണ്ടുപിടിത്തങ്ങൾ | ശാസ്ത്രജ്ഞർ | ഉപയോഗ മേഖല |
|---|---|---|
| ആവിയന്ത്രം | ജെയിംസ് വാട്ട് | ഗതാഗതം |
| സ്പിന്നിംഗ് ജന്നി | ........................... | ........................... |
| ലോക്കോമോട്ടീവ് | ........................... | ........................... |

സി. വ്യവസായവിപ്ലവം ആരംഭിച്ചത് ഏത് രാജ്യത്തായിരുന്നു?

1. ഇറ്റലി
2. ഇംഗ്ലണ്ട്
3. ജർമനി
4. സ്പെയിൻ

## പ്രവർത്തനം - 6

**ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ ബ്രിട്ടീഷുകാർക്കെതിരെ ചെറുത്തുനിൽപുകളുണ്ടായപ്പോൾ കേരളവും അതിൽ പങ്കാളിത്തം വഹിക്കുകയുണ്ടായി.**

എ. ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള 'കുണ്ടറ വിളംബരം' പുറപ്പെടുവിച്ചതാര്?

1. മാർത്താണ്ഡവർമ
2. പഴശ്ശിരാജ
3. വേലുത്തമ്പിദളവ
4. പാലിയത്തച്ചൻ

ബി. ബ്രിട്ടീഷുകാർക്കെതിരെ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും നടന്ന പ്രധാന ചെറുത്തുനിൽപുകളെക്കുറിച്ച് വിവരിക്കുക.

## പ്രവർത്തനം - 7

**കച്ചവടത്തിനായി ഇന്ത്യയിൽ എത്തിയ വിദേശികൾ നമ്മുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളെ സ്വാധീനിച്ചു.**

എ. പോർച്ചുഗലിൽ നിന്ന് സമുദ്രമാർഗം വാസ്കോഡഗാമയും സംഘവും ഇന്ത്യയിലെത്തിയത് ഏതു വർഷത്തിൽ?

1. 1741
2. 1498
3. 1600
4. 1664

ബി. പോർച്ചുഗീസ് ബന്ധം നമ്മുടെ വിവിധ രംഗങ്ങളിലുണ്ടാക്കിയ സ്വാധീനം വ്യക്തമാക്കിക്കൊണ്ട് ഒരു കുറിപ്പെഴുതുക.

## പ്രവർത്തനം - 8

**ബംഗാൾ കീഴടക്കിയതോടെ കാർഷികമേഖലയിലെ സമ്പത്ത് കൈക്കലാക്കാൻ ബ്രിട്ടീഷുകാർ തീരുമാനിച്ചു. കർഷകരേയും ഗോത്രജനതയേയും അവർ ചൂഷണം ചെയ്തു.**

എ. ബ്രിട്ടീഷുകാർ ബംഗാളിലെ കാർഷികമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ കർഷകരെ ബാധിച്ചതെങ്ങനെ? (കൃഷിയിനം, ഉടമസ്ഥത, നയം)

ബി. വനനിയമങ്ങൾ ആവിഷ്കരിക്കാനും ഗോത്രജനതയുടെ ആവാസമേഖലയിലേക്ക് റെയിൽവേ, റോഡുസൗകര്യങ്ങൾ എന്നിവ വർധിപ്പിക്കുവാനും ഇംഗ്ലീഷുകാർ തീരുമാനിച്ചത് എന്തിനൊക്കെ ആയിരുന്നു?

## പ്രവർത്തനം - 9

**യൂറോപ്പിലെ വിവിധ രാജ്യക്കാർ കച്ചവടത്തിനായി ഇന്ത്യയിലെത്തിച്ചേർന്നു.**

എ. ഇന്ത്യയുടെ രൂപരേഖയിൽ താഴെ തന്നിരിക്കുന്ന വാണിജ്യകേന്ദ്രങ്ങൾ അടയാളപ്പെടുത്തുക. അവ ഏതു രാജ്യത്തിന്റെ വാണിജ്യ കേന്ദ്രമായിരുന്നുവെന്നും പട്ടികയിൽ രേഖപ്പെടുത്തുക.

കൊച്ചി, ഗോവ, സൂറത്ത്, കാരയ്ക്കൽ

| വാണിജ്യകേന്ദ്രം | രാജ്യം |
|---|---|
| കൊച്ചി | .............................. |
| ഗോവ | .............................. |
| സൂറത്ത് | .............................. |
| കാരയ്ക്കൽ | .............................. |

ബി. ഇന്ത്യയിൽ കച്ചവടാധിപത്യം നേടാൻ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ നടത്തിയ യുദ്ധം എന്ത് പേരിൽ അറിയപ്പെടുന്നു?

1. ബക്സാർ യുദ്ധം
2. കർണാട്ടിക് യുദ്ധങ്ങൾ
3. പ്ലാസി യുദ്ധം
4. മൈസൂർ യുദ്ധങ്ങൾ


## പ്രവർത്തനം - 10

**ഇംഗ്ലീഷ് ഭരണത്തിനെതിരെ ഇന്ത്യയിൽ നടന്ന പ്രധാനപ്പെട്ട ഒരു ചെറുത്തുനിൽപാണ് 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം.**

എ. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം ഉദ്ദേശിച്ച രീതിയിൽ ഫലം കൈവരിക്കാൻ കഴിയാത്തതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്? (കുറഞ്ഞത് 2 എണ്ണം എഴുതുക)

ബി. ഒന്നാം സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന പോരാട്ടങ്ങൾ മിക്കതും ഉത്തരേന്ത്യ കേന്ദ്രീകരിച്ചുള്ളതായിരുന്നു. തന്നിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ താഴെപറയുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക.


- മീററ്റ്
- ഝാൻസി
- ഫൈസാബാദ്




സ്രോതസ്സ് - ക്ലാസ് - 7 സാമൂഹ്യശാസ്ത്രം പാഠപുസ്തകം പേജ് നമ്പർ - 20

(അടയാളപ്പെടുത്തിയ രൂപരേഖ ഉത്തരകടലാസിനോടൊപ്പം തിരികെ നൽകുക)

## പ്രവർത്തനം - 10




**1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന കേന്ദ്രങ്ങൾ**

(സ്രോതസ്സ് - ക്ലാസ് - 7 സാമൂഹ്യശാസ്ത്രം പാഠപുസ്തകം പേജ് നമ്പർ - 20)

(അടയാളപ്പെടുത്തിയ രൂപരേഖ ഉത്തരകടലാസിനോടൊപ്പം തിരികെ നൽകുക)